നം.കെ.എസ്.എ-ഐ.ഡി.കെ-11/1086/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തൊടുപുഴ,തീയതി:10.01.2020
Ph:04862227332
E-mail:doidk.ksad@kerala.gov.in

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

പള്ളിവാസൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:-**പള്ളിവാസൽ ഗ്രാമപഞ്ചായത്ത് 2018-19** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്-

*******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പള്ളിവാസൽ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം-1, 2&3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ് :**

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി, തൊടുപുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എൈ.ഡി.കെ-11/1086/2019 തീയതി :10.01.2020

## ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 21.11.2018 മുതൽ 18.11.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നാല് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ നാലിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ബേബി സന്ധ്യ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-11-2019 മുതൽ 26-11-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. വി.ജി.സജിമോൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോസഫ് ചാക്കോ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എബി എബ്രാഹം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സുനിൽകുമാർ ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി.തുളസിഭായ് കൃഷ്ണൻ | 01.04.2018മുതൽ31.03.2019വരെ |
| സെക്രട്ടറി | ശ്രീ. ഹരിപുരുഷോത്തമൻ | 01.04.2018മുതൽ31.03.2019വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സജിവ് പി.പി | 01.04.2018മുതൽ30.06.2018വരെ |
| | ശ്രീമതി.യേശുദാസി എസ്. മേരി | 01.07.2018മുതൽ31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ജയപ്രകാശ് എസ്. പി. | 01.04.2018മുതൽ30.06.2018വരെ |
| | ശ്രീ. സുഗതൻ പി. ആർ. | 01.07.2018മുതൽ20.08.2018വരെ |
| | ശ്രീ.ധർമ്മകീർത്തി പി.പി. | 21.08.2018മുതൽ31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.അജിത് പ്രശാന്ത് | 01.04.2018മുതൽ01.03.2019വരെ |
| | ഡോ.എസ്.സേതുലക്ഷ്മി | 02.03.2019മുതൽ31.03.2019വരെ |
| കൃഷി ആഫീസർ | ശ്രീമതി.സിജി.എം.എ | 01.04.2018മുതൽ31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഷാബു ജോർജ് | 01.04.2018മുതൽ31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ.റിനോജ് ജോസഫ് | 01.04.2018മുതൽ31.03.2019വരെ |
| എെ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.എം.യു.ജമീല | 01.04.2018മുതൽ31.03.2019വരെ |
| വി.ഇ.ഒ. | ശ്രീ.ജസ്ബിൻ തോമസ് | 01.04.2018മുതൽ31.03.2019വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുജിത്.പി.രാഘവൻ | 01.04.2018മുതൽ31.03.2019വരെ |

**ഉള്ളടക്കം**


| ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| ക്രമനം | ഖണ്ഡിക നം | ഖണ്ഡിക |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | വാർഷിക പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 1-12 | വസ്തു നികുതി- നികുതി നിർണ്ണയിച്ചതിലും ഈടാക്കിയതിലും കുറവ് |
| 13 | 1-13 | ലൈസൻസ് നിശ്ചിത നിരക്കിലുള്ള ഫീസ് ഈടാക്കാത്തത് സംബന്ധിച്ച്. |
| 14 | 1-14 | തൊഴിൽ നികുതി ഡിമാന്റ് കണക്കുകളിലെ അപാകതകൾ |

| | | |
|---|---|---|
| 15 | 1-15 | സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാതിരുന്നതിനാൽ സർക്കാർ ഗ്രാന്റിനത്തിലെ ഒരു കോടിയിലധികം രൂപ പാഴായി |
| 16 | 1-16 | ഇ-ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭിച്ചിട്ടില്ല |
| 17 | 1-17 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല |
| 18 | 1-18 | പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല. |
| 19 | 1-19 | നിർമാണം പൂർത്തീകരിച്ച് ഒരു മാസത്തിനകം തകർന്ന റോഡ് പുനർനിർമിക്കാൻ നടപടികളില്ല |
| 20 | 1-20 | ഇരുട്ടുകാനം കുടിവെള്ളപദ്ധതി പുനരുജ്ജീവിപ്പിച്ചിട്ടില്ല |
| 21 | 1-21 | റോഡ് ടാറിംഗ്-ബില്ലിൽ നിന്ന് നിയമാനുസൃത വസൂലാക്കലുകൾ നടത്തിയില്ല |
| 22 | 1-22 | മരുന്നു വാങ്ങൽ പ്രോജക്ടുകൾ-വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല |
| 23 | 1-23 | ആശ്രയ പദ്ധതി-കൈമാറി കിട്ടിയ പണം മുഴുവൻ ചെലവാക്കിയിട്ടില്ല |
| 24 | 1-24 | ലൈഫ് ഭവന പദ്ധതി - അവലോകനം |
| **ഭാഗം-2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 25 | 2-1 | വസ്തുനികുതി -,നികുതി നിർണ്ണയിച്ചതിലും ഈടാക്കിയതിലും കുറവ് |
| **ഭാഗം-3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 26 | 3-1 | റോഡ് ടാറിംഗ്-ബില്ലിൽ നിന്ന് നിയമാനുസൃത വസൂലാക്കലുകൾ നടത്തിയില്ല |

| ഭാഗം-4 ഓഡിറ്റ് പ്രത്യവലോകനം | | |
|---|---|---|
| 27 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 28 | 4-2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 31 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 32 | 4-6 | സ്ഥിര നിക്ഷേപം |
| 33 | 4-7 | ഓഡിറ്റ് റിക്കവറി |
| 34 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 35 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 36 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 38 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

13.03.2018-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ച 2018-19 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 06.03.2018 -ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് പാസാക്കിയിട്ടുണ്ട്. 28.01.2019-ൽ പുതുക്കിയ ബജറ്റ് പാസാക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് -ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹20107544 |
| വരവ് | ₹180476807 |
| ചെലവ് | ₹177863270 |
| നീക്കിയിരിപ്പ് | ₹22721081 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 20.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹28147520 |
| വരവ് | ₹81887280 |
| ആകെ | ₹110034800 |
| ചെലവ് | ₹77363908 |
| നീക്കിയിരിപ്പ് | ₹32670892 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | 0 | 16553925 | 16553925 | 16026600 | 527325 |
| വികസനഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 11630000 | 11630000 | 8792039 | 2837961 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് – ടി.എസ്.പി.<br>(ACR പ്രകാരം) | 0 | 255000 | 255000 | 225000 | 30000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | 0 | 7684000 | 7684000 | 4122963 | 3561037 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ്<br>(ACR പ്രകാരം) | 0 | 5222000 | 5222000 | 2840248 | 2381752 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം<br>(ACR പ്രകാരം) | 0 | 3600000 | 3600000 | 2292258 | 1307742 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്)** | | | | | |
| എൻ.ആർ.ജി.ഇ.എസ്.-കൂലി ചെലവ് | | 31196640 | 31196640 | 31196640 | 0 |
| എൻ.ആർ.ജി.ഇ.എസ്.- ഭരണചെലവ് | 37316 | 760557 | 797873 | 776197 | 21676 |
| ഐ.സി.ഡി.എസ്. | 301241 | 924482 | 1225723 | 1000000 | 225723 |
| സംപൂർണ്ണ ശുചിത്വം | 32147 | 0 | 32147 | 0 | 32147 |
| വിമുക്തി | 24140 | 25000 | 49140 | 10000 | 39140 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 0 | 350000 | 350000 | 350000 | 0 |
| ഹരിതകേരളം | 17193 | 0 | 17193 | 0 | 17193 |
| ആശ്രയ ഭവന പദ്ധതി | 500000 | 0 | 500000 | 500000 | 0 |
| അംഗൻവാടി ശുചിമുറി | | 22000 | 22000 | 0 | 22000 |
| UID BPL- ഇൻസെന്റീവ് | 87713 | | 87713 | 0 | 87713 |
| ആരോഗ്യ ഇൻഷ്വറൻസ് | 3580 | | 3580 | 0 | 3580 |
| സംയുക്ത പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് | 0 | 2262902 | 2262902 | 1425192 | 837710 |
| സംയുക്ത പദ്ധതി - ജില്ലാ പഞ്ചായത്ത് | | 925656 | 925656 | 925656 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 7465238 | 7465238 | 7465238 | 0 |
| പശ്ചിമഘട്ടവികസനപദ്ധതി | 14013 | | 14013 | 0 | 14013 |
| ഗുണഭോക്തൃവിഹിതം | 590 | 914000 | 914590 | 914590 | 0 |
| MLA ഫണ്ട് | 1311328 | 492581 | 1803909 | 1803892 | 17 |
| ശുചിത്വ മിഷൻ | 1391509 | 1920584 | 3312093 | 140000 | 3172093 |
| വെള്ളപ്പൊക്ക ദുരിതാശ്വാസം സംഭാവന | 0 | 5442224 | 5442224 | 5423363 | 18861 |
| SBI PLAN Imprest | 43925 | 0 | 43925 | 649 | 43276 |
| SBI Grant | 61771 | 447019 | 508790 | 161080 | 347710 |
| തനത് ഫണ്ട് - ട്രഷറി | 4076946 | 11975278 | 16052224 | 12884990 | 3167234 |
| തനത് ഫണ്ട് - ബാങ്ക് + പണം | 20244108 | 61134980 | 81379088 | 57998282 | 23380806 |

## 1-5 വാർഷിക പദ്ധതി അവലോകനം

**എ) പദ്ധതി ആസൂത്രണം**

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ രണ്ടാം വാർഷിക പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ(എം എസ്) നം. 11/2018 തീ. 29.01.2018, ജി.ഒ(എം എസ്) നം. 22/2018 തീ. 14.02.2018 എന്നിവ അവലംബമാക്കിയാണ് ആസൂത്രണം ചെയ്തത്. പദ്ധതി രൂപീകരണത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ , ഗ്രാമസഭകൾ, ഭരണസമിതി, എന്നിവ തങ്ങളുടെ പങ്കാളിത്തം നൽകിയതായി രേഖകൾ സൂചിപ്പിക്കുന്നു. എന്നാൽ നാലു സ്റ്റാന്റിംഗ് കമ്മിറ്റികളിലും ഇതുമായി ബന്ധപ്പെട്ട ചർച്ചകളോ നിർദ്ദേശങ്ങളോ ഉണ്ടായിട്ടില്ല.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 125980390 | 115 | 56356136 | 32 | 87 | 56.9 |

**നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിശദാംശങ്ങൾ**

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|---|---|
| കൃഷി ഓഫീസർ | 02 | 01 | 2260000 | 954000 |
| വെറ്ററിനനറി സർജൻ | 04 | 04 | 2500000 | 2062327 |
| മെഡിക്കൽ ഓഫീസർ(ആരോഗ്യം) | 02 | 02 | 850000 | 732200 |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 02 | 02 | 800000 | 800000 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01 | 01 | 250000 | 250000 |
| വി.ഇ.ഒ | 11 | 11 | 54148558 | 23719042 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01 | 01 | 1150000 | 1150000 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 06 | 04 | 5911000 | 5082513 |
| സെക്രട്ടറി | 16 | 13 | 7069088 | 2814795 |
| അസി.സെക്രട്ടറി | 03 | 02 | 2116490 | 1887530 |
| അസി.എൻജിനീയർ (എൽ.എസ്.ജി.ഡി) | 154 | 74 | 48925254 | 16903729 |
| **ആകെ** | **202** | **115** | **125980390** | **56356136** |

പദ്ധതി ആസൂത്രണ-നിർവ്വഹണ പ്രക്രിയകളിൽ വിവിധ സമിതികളുടെ പങ്കാളിത്തം

**1) വർക്കിംഗ് ഗ്രൂപ്പുകൾ/മോണിറ്ററിംഗ് സമിതികൾ**

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ വിവിധ മേഖലകളിലേക്കാവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ സ്വരൂപിച്ച് അവ ചർച്ച ചെയ്ത് കരട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നിർവഹണവേളയിലെ അനിവാര്യ ഇടപെടലുകളും പുരോഗതി വിലയിരുത്തലുകളും നടത്തിയിട്ടില്ല.

**2) ഗ്രാമസഭകൾ**

ഗ്രാമസഭകളിൽ ജനങ്ങളുടെ സജീവ പങ്കാളിത്തമുണ്ടായിട്ടുണ്ട്. പദ്ധതി ആസൂത്രണ,ഗുണഭോക്തൃ തെരഞ്ഞെടുപ്പുയോഗങ്ങളുടെ തീരുമാനങ്ങൾ വിശദമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

**3) വികസന സെമിനാർ**

വികസന സെമിനാർ സംഘാടനത്തിന്റെ ഹാജർ വിവരങ്ങൾ മാത്രമാണ് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തീരുമാന വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**4) സ്റ്റാന്റിംഗ് കമ്മിറ്റികൾ**

ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ഒഴികെയുള്ളവ അവരുടെ ദൈനംദിന പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രമാണ് തൻവർഷം ചർച്ച ചെയ്തിട്ടുള്ളത്. പദ്ധതിനിർദ്ദേശങ്ങൾ സ്വരൂപിക്കുകയും അംഗീകരിക്കുകയും നിർവ്വഹണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യേണ്ട പ്രസ്തുത സമിതികൾ അപ്രകാരം നടപടികൾ സ്വീകരിക്കാതിരുന്നത് പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ഏറ്റെടുത്തതിൽ പാതിയോളം പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടി വന്നതും ചെലവ് ശതമാനം തീരെ കുറഞ്ഞതും സർക്കാർ ഗ്രാന്റിനത്തിലെ ഒരു കോടിയിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പോയതും ഈ നിരീക്ഷണം സാധൂകരിക്കുന്നു.

**ബി) വാർഷികപദ്ധതി നിർവഹണം**

ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രസക്തമായ വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- സർക്കാർ നിശ്ചയിച്ച പ്രവർത്തന കലണ്ടർ അനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതിനാൽ വിവിധ ഗ്രാന്റുകളായി തൻവർഷം ലഭിച്ച 1.06 കോടിയിലധികം രൂപ പാഴായി.
- വിനോദസഞ്ചാരത്തിനൊപ്പംതന്നെ കാർഷികമേഖലയ്ക്കും പ്രാധാന്യമുള്ള പ്രദേശമാണ് ഗ്രാമപഞ്ചായത്തെങ്കിലും ആവർത്തനശൈലിയിലുള്ള ജൈവ വളം വിതരണം ചെയ്യുന്ന സമഗ്രകൃഷി വികസനം എന്ന പ്രോജക്ട് മാത്രമാണ് നടപ്പാക്കിയത്. നൂതനമായ അനേകം പദ്ധതി നിർദ്ദേശങ്ങളും അവയ്ക്കുള്ള ധനസഹായവും ആമുഖത്തിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പതിവ് പ്രോജക്ടുകളിൽ മാത്രം ഒതുങ്ങി നിന്നത് പ്രത്യേകം വിലയിരുത്തപ്പെടേണ്ടതാണ്.

- കാർഷിക മേഖലാപ്രോജക്ടുകൾ നടപ്പാക്കുന്നതിലെ പ്രതികൂല ഘടകമായി ചൂണ്ടിക്കാട്ടപ്പെടുന്നത് സ്ഥലത്തിന് പട്ടയമില്ലായെന്ന വസ്തുതയാണ്. കൈവശാവകാശം ലഭ്യമായ ഭൂമിയിൽ കാർഷികാവശ്യങ്ങൾക്ക് ധനസഹായമനുവദിക്കാൻ സർക്കാരിന്റെ അനുവാദം വാങ്ങുന്നതിന് ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.
- ഗതാഗത സൗകര്യങ്ങൾക്ക് ഏറെ പരിമിതിയുണ്ടെങ്കിലും ലഭ്യമായ ആസ്തിപരിപാലന ഗ്രാന്റ് (റോഡ്) വിഭാഗത്തിലെ പാതിയോളം തുക പാഴാക്കിയത് പദ്ധതി നടത്തിപ്പിലെ വൻവീഴ്ചയായി.(അലോട്ട്മെന്റ് :- ₹5222000/-, ചെലവ് :- ₹2840248/-, ചെലവ് ശതമാനം :- 54)
- വിവിധ അംഗൻവാടികളുടെ നവീകരണം മെച്ചപ്പെട്ട രീതിയിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 37316 | 760557 | 797873 | 776197 | 21676 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 31196640 | 31196640 | 31196640 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31680 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 641200 | 144 |
| വിധവാപെൻഷൻ | 2453200 | 615 |
| വാർദ്ധക്യകാലപെൻഷൻ | 5456400 | 1437 |
| വികലാംഗപെൻഷൻ | 904600 | 210 |
| 50 വയസിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 36300 | 8 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 01 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2019-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5834/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ചു നൽകിയിട്ടുണ്ട്.
- വൗച്ചറുകളും രേഖകളും തയ്യാറാക്കി സൂക്ഷിക്കുന്നതിൽ നിഷ്കർഷ പുലർത്തിയിട്ടുണ്ട്. എന്നാൽ തെരുവു വിളക്കുകളുടെ രജിസ്റ്റർ കൃത്യമായി തയ്യാറാക്കാത്തതും വ്യാപാരികളുടെ പട്ടിക സൂക്ഷിക്കാത്തതും സെക്രട്ടറിയുടെ പ്രോജക്ട് ഫയലുകളിൽ അനുബന്ധ രേഖകൾ സൂക്ഷിക്കാതിരുന്നതും പോരായ്മയാണ്.
- ഫ്രണ്ട് ഓഫീസ് ജീവനക്കാരുടെ ചുമതലകൾ ഊഴമനുസരിച്ച് ക്രമീകരിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ചുമതലാ രജിസ്റ്റർ പരിപാലിക്കുന്നു.
- ഭരണസമിതി ,സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ മിനിട്സ് കാലികമാണ്.
- തനത് ഫണ്ട് വരവുകൾ കാലികമായി പിരിച്ചെടുക്കുന്നതിൽ മികവ് പുലർത്തിയിട്ടുണ്ട്. തുടർച്ചയായ രണ്ടാം വർഷവും നൂറു ശതമാനം പിരിവ് എന്ന നേട്ടം കൈവരിക്കാനായത് ശ്ലാഘനീയമാണ്.
- വസ്തു നികുതി നിർണയത്തിലെയും ഡി & ഒ ലൈസൻസ് ഫീസ് ഡിമാന്റ് കണക്കുകളിലെയും അപാകത വരുമാന നഷ്ടത്തിന് കാരണമാകുന്നു. ( വിശദ പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക.).
- വാർഷിക പദ്ധതി ആസൂത്രണം, നിർവഹണം,മേൽനോട്ടം എന്നീ പ്രക്രിയകളിൽ സർക്കാർ മാർഗരേഖകൾ പാലിച്ചിട്ടുണ്ടെങ്കിലും ലഭ്യമായ തുകകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വന്ന വീഴ്ച മൂലം ഒരു കോടിയിലധികം രൂപ പാഴായി.
- സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ സമയക്രമം പാലിക്കുന്നു.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.10.2019 & 29.10.2019 | 09/2019 | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.09.2019മുതൽ 09.10.2019വരെ | 2014-15മുതൽ 2018-19വരെ | 25.10.2019 |

### 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ പൂർത്തീകരിക്കാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രിസിയേഷൻ എന്നീ കണക്കുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

2) പ്രളയ ദുരിതാശ്വാസം, എം.എൽ.എ.ഫണ്ട് എന്നീ വരവുകൾ പൂർണമായി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനങ്ങൾ തരം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

4) എം.ജി.എൻ.ആർ.ഇ.ജി.എസ് കൂലിച്ചെലവ് ഇനത്തിൽ കാഷ് ബുക്കും ധനകാര്യ പത്രികയും തമ്മിൽ ₹14840/-യുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-12 വസ്തു നികുതി- നികുതി നിർണ്ണയിച്ചതിലും ഈടാക്കിയതിലും കുറവ്

ലൈസൻസ് അപേക്ഷകർ തങ്ങളുടെ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിട നമ്പർ, സഞ്ചയയിലെ വസ്തു നികുതി നിർണ്ണയ കണക്കുകളുമായി താരതമ്യം ചെയ്ത് പരിശോധിച്ചപ്പോൾ യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് അസസ്സ് ചെയ്ത് ഡിമാന്റ് ചെയ്തിരിക്കുന്നത് എന്നു കാണുന്നു. ലൈസൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷം ആകെ 246 ലൈസൻസുകൾ നൽകിയിരിക്കുന്നു. ആയതിൽ 10 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിക്കേണ്ട നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ നിർണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ തൻവർഷം ₹101823/-യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലും ഈ അപാകത ഉള്ളതിനാൽ ₹449807/-യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 2-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-13 ലൈസൻസ് നിശ്ചിത നിരക്കിലുള്ള ഫീസ് ഈടാക്കാത്തത് സംബന്ധിച്ച്.

ജി.ഒ.(പി) 80/2017/ത.സ്വഭ.വ തീയതി.31.10.2017 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ 5 സ്ലാബുകളായി തിരിച്ച് ലൈസൻസ് ഫീസ് നിർണ്ണയിക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 246 സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ലൈസൻസ് നേടിയിരിക്കുന്നത്.

സഞ്ചയ രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്ന പേരിൽ മാത്രം നികുതി ഡിമാന്റ് ചെയ്തിരിക്കുന്നത് 719 കെട്ടിടങ്ങൾക്കാണ്. കൂടാതെ റിസോർട്ട്, ഹോംസ്റ്റേ, ഓഫീസ് , വ്യവസായം, ഇതരവ്യവസായങ്ങൾ എന്ന പേരിൽ വേറെയും കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട് . എന്നാൽ രജിസ്റ്റർ പ്രകാരം വളരെക്കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിന് അപേക്ഷിക്കുകയും നേടുകയും ചെയ്തിരിക്കുന്നത്. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സത്യവാങ്മൂലം പല ലൈസൻസ് അപേക്ഷകളോടൊപ്പം ഉൾപ്പെടുത്തുന്നില്ല. മാത്രമല്ല ലൈസൻസിനുള്ള അപേക്ഷകൾ സമയപരിധിക്കുള്ളിൽ (ഫെബ്രുവരി 28നുള്ളിൽ)സമർപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷകളിൽ ലൈസൻസ് പുതുക്കുവാനാണോ പുതിയ ലൈസൻസിനുള്ള അപേക്ഷയാണോ എന്നുള്ള കോളം പൂരിപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷയിൽ ആവശ്യമായ വിവരങ്ങൾ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി മാത്രം ലൈസൻസ് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. പാർപ്പിടേതരം

എന്ന ശീർഷകത്തിലുള്ള കെട്ടിടങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ | 719 |
| കാർഷികാവശ്യം | 7 |
| വിദ്യാഭ്യാസാവശ്യം | 7 |
| ആയുർവ്വേദ സുഖചികിൽസാ കേന്ദ്രം | 1 |
| ആശുപത്രികൾ | 8 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 58 |
| ആരാധനാലയം | 51 |
| ഇതര വ്യവസായത്തിനുള്ളവ | 68 |
| മൊബൈൽ ടവർ | 3 |
| വ്യവസായത്തിനുള്ളവ | 45 |
| ഹോംസ്റ്റേ | 21 |
| കോട്ടേജ് | 180 |
| റിസോർട്ട് | 473 |
| **ആകെ** | **1641** |

പുതുക്കിയ സ്ലാബ് പ്രകാരമുള്ള നിരക്കുകൾ ഈടാക്കുന്നതിന് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും അതു പ്രകാരമുള്ള നിരക്കുകൾ ഈടാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

### 1-14 തൊഴിൽ നികുതി ഡിമാന്റ് കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ തൊഴിൽനികുതി വരവുകളുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**എ)ഡിമാന്റ് സമഗ്രമല്ല**

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

1.റേഷൻ വ്യാപാര സ്ഥാപനങ്ങൾ

2.കള്ള് ഷാപ്പുകൾ

3. ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ.

പ്രസ്തുത സ്ഥാപനങ്ങളെ ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**ബി)വ്യാപാരികളുടെ പട്ടിക പൂർണമല്ല**

പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രേഡ്സ് ലിസ്റ്റ് സമഗ്രമല്ല. വാർഡു തിരിച്ചുള്ള പട്ടിക തയ്യാറാക്കി തൊഴിൽനികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കേണ്ടതാണ് .

## 1-15 സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാതിരുന്നതിനാൽ സർക്കാർ ഗ്രാന്റിനത്തിലെ ഒരു കോടിയിലധികം രൂപ പാഴായി

വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കൃത്യമായ ഒരു സമയക്രമം നിശ്ചയിച്ച് സർക്കാർ ഓരോ വർഷവും പ്രവർത്തന കലണ്ടർ പുറത്തിറക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സമയപരിധിക്കനുസരിച്ച് പദ്ധതി നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കാത്തതിനാൽ ഓരോ വർഷവും ഗണ്യമായ തുകയാണ് സർക്കാർ ഗ്രാന്റിനത്തിൽ പാഴാവുന്നത്. തൻവർഷം നഷ്ടമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റിന്റെ പേര് | അലോട്ട്മെന്റ് തുക ₹ | ചെലവഴിച്ച തുക ₹ | പാഴായ തുക ₹ | നഷ്ടമായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (Genaral) | 16553925 | 16026600 | 527325 | 3.1 |
| വികസന ഫണ്ട് (SCP) | 11630000 | 8792039 | 2837961 | 24.4 |
| വികസന ഫണ്ട് (TSP) | 255000 | 225000 | 30000 | 11.7 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7684000 | 4122963 | 3561037 | 46.3 |
| ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്) | 5222000 | 5840248 | 2381752 | 45.6 |
| ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3600000 | 2292258 | 1307742 | 36.3 |
| | | ആകെ നഷ്ടമായ തുക | 10645817 | |

| | | |
|---|---|---|
| | | |

ജീവനക്കാരുടെ അഭാവം, ട്രഷറി നിരോധനം, പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സമയം നീക്കി വെയ്ക്കേണ്ടി വന്നത്, സർക്കാർ നിരോധനം മൂലം നിർമ്മാണ സാമഗ്രികൾക്കുണ്ടായ ക്ഷാമം തുടങ്ങിയവയാണ് പദ്ധതി പൂർത്തീകരണത്തിലെ കാലതാമസത്തിന് കാരണങ്ങളായി വിശദീകരിക്കപ്പെട്ടിട്ടുള്ളത്. തൻവർഷത്തെ പ്രത്യേക സാഹചര്യങ്ങൾ പരിഗണനാർഹമാണെങ്കിലും തുടർന്നും പദ്ധതി പണം പാഴാകാതിരിക്കുന്നതിന് കർശന മുൻകരുതൽ സ്വീകരിക്കുന്നതിനും കാര്യക്ഷമമായ പദ്ധതി പ്രവർത്തനം-ഫണ്ട് വിനിയോഗം എന്നിവ സാധ്യമാക്കുന്നതിനും വേണ്ടി വിഷയം ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-16 ഇ-ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭിച്ചിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 മുതൽ 2018-19 വരെ നടപ്പാക്കിയ വിവിധ മരാമത്ത് പ്രോജക്ടുകളുടെ ഇ-ടെണ്ടർ ഫോം വില ഇനത്തിൽ ₹18,881/- ഇടുക്കി ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യതാക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ എന്നിവരിൽനിന്ന് സ്വീകരിച്ച നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, ലേല നിക്ഷേപം, ഇലക്ഷൻ നിക്ഷേപം തുടങ്ങിയ ഇനങ്ങളിലായി 2007-08 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്. 2015-16 വരെയുള്ള വർഷങ്ങളിൽ നിക്ഷേപിക്കപ്പെട്ടതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തദനുസരണം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

### 1-18 പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല.

ഗ്രാമപഞ്ചായത്ത് തൻവർഷം ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് വികസനഫണ്ടിൽ തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ടെങ്കിലും ലക്ഷ്യം കൈവരിച്ചില്ല.

1.പീച്ചാട് സിറ്റി കുടിവെള്ളപദ്ധതി(എസ് 149/19)

പ്രസ്തുത പദ്ധതിക്കുവേണ്ടി വികസനഫണ്ടിൽ നിന്നും ₹174,942/- (ബിൽനം.9/18-19/ 21-5-2018) ചെലവഴിച്ച്

ടാങ്കിനുള്ള പ്ലാറ്റ്ഫോം, 3000 ലിറ്റർ ടാങ്ക്, പമ്പിംഗ് മെയിൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.എന്നാൽ മോട്ടോർ, പമ്പ്ഹൗസ്, വൈദ്യുതി ലഭ്യമാക്കൽ, വിതരണ ലൈൻ സ്ഥാപിക്കൽ എന്നീ ഇനങ്ങൾ പൂർത്തീകരിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് ജലം വിതരണം ചെയ്യുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല.

2.കല്ലാർ കംഫർട്ട് സ്റ്റേഷൻ നവീകരണം(എസ് 160/19)

കല്ലാർ ജംഗ്ഷനിൽ രണ്ട് ടോയ് ലെറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ടി ₹400,000/- അടങ്കൽ വകയിരുത്തി ആവിഷ്ക്കരിച്ച പ്രോജക്ട് പ്രകാരം ₹267,556/- (ബിൽ നം.14/18-19/22-5-18) ചെലവഴിച്ച് കെട്ടിടനിർമാണം പൂർത്തീകരിച്ചു. എന്നാൽ സെപ്റ്റിക് ടാങ്ക്, വൈദ്യുതി, വെള്ളം, എന്നീ സൗകര്യങ്ങൾ ഒരുക്കാത്തതിനാൽ ആയവ പ്രയോജനപ്രദമായിട്ടില്ല. നിലവിൽ ടോയ് ലെറ്റിന്റെ പരിസരം കാട് വളർന്ന അവസ്ഥയിലാണ്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന മറ്റിനങ്ങളായ കൗണ്ടർ നിർമ്മാണം, മുറ്റം വൃത്തിയാക്കൽ എന്നിവ കൂടി അടിയന്തിരമായി പൂർത്തീകരിച്ച് ശുചിമുറി സമുച്ചയം ജനങ്ങൾക്ക് തുറന്നു നൽകേണ്ടതാണ്. മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് തുടർ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല.

പ്രൊജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നതിന് പ്രായോഗികമായ ഇടപെടലുകൾ നടത്തുന്നതിനായി വിഷയം ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-19 നിർമാണം പൂർത്തീകരിച്ച് ഒരു മാസത്തിനകം തകർന്ന റോഡ് പുനർനിർമിക്കാൻ നടപടികളില്ല

പ്രോജക്ട് നം/പേര് :- എസ്137/19, കൈറ്റിയാനിക്കൽപടി റോഡ് നിർമ്മാണം

ചെലവ് തുക :- ₹269891/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽനം :- 12/18-19 തീയതി.21-05-2018.

പ്രസ്തുത റോഡിന്റെ നിർമാണം പൂർത്തീകരിച്ച് ഒരു മാസത്തിനുള്ളിൽ ഇരു വശങ്ങളിലെയും സംരക്ഷണഭിത്തികൾ ഇടിഞ്ഞ് പൂർണമായി നശിച്ചു. റോഡ് സഞ്ചാരയോഗ്യമല്ലെന്നുള്ള ശ്രീ.രാഹുൽ രാജൻ എന്നയാളുടെ പരാതിയെത്തുടർന്ന് നിർമ്മാണത്തിലെ അപാകതകൾ പരിശോധിച്ച് അപാകതകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം കരാറുകാരനിൽ നിന്ന് വിശദീകരണം തേടുവാനും സ്വീകരിക്കേണ്ട തുടർനടപടികൾ തങ്ങളെ ധരിപ്പിക്കുവാനും ഭരണസമിതി അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി. (23-6-2018-ലെ 5(1) നമ്പർ തീരുമാനം). വകയിരുത്തിയ പരിമിതമായ തുക ഉപയോഗിച്ച് കൂടുതൽ നീളത്തിൽ റോഡ് നിർമാണ പ്രവൃത്തി രൂപകൽപ്പന ചെയ്തതും പ്രളയവും മൂലമാണ് ഇത്തരത്തിൽ സംഭവിച്ചതെന്നാണ് അസി.എഞ്ചിനീയർ ഭരണസമിതിക്ക് സമർപ്പിച്ച മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. പ്രളയം നടന്നത് 15.8.2018-നും 19.8.2018-നും ഇടയിലാണെന്നും ഭരണസമിതി തീരുമാനമെടുത്തത് 23.6.2018-ൽ ആണെന്നും " പ്രളയം മൂലം റോഡു തകർന്നുവെന്ന" അസി.എൻജിനിയറുടെ വാദഗതിയുമായി പൊരുത്തപ്പെടുന്നതല്ല.

ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത റോഡ് തീർത്തും

സഞ്ചാരയോഗ്യമല്ലെന്ന് കാണുകയുണ്ടായി. ചെങ്കുത്തായ റോഡ് സംരക്ഷണഭിത്തി ഇടിഞ്ഞും കോൺക്രീറ്റ് തകർന്നും പൂർണമായി നശിച്ച അവസ്ഥയിലാണുള്ളത്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കി ഘട്ടം ഘട്ടമായി പ്രൊജക്റ്റ് പൂർത്തീകരിക്കാതിരുന്നതിനാലാണ് ഈ അവസ്ഥ സംജാതമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. റോഡിന്റെ ഭൗതിക സാഹചര്യങ്ങൾ കൃത്യമായി വിലയിരുത്തി അതിനനുസൃതമായി ഇനങ്ങൾ ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എൻജിനിയറുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. പൊതുമരാമത്ത് വകുപ്പിന്റെ 31.8.2013-ലെ ജി.ഒ(എം.എസ്.)73/2013/PWD നമ്പർ ഉത്തരവനുസരിച്ച്, ടാറിംഗ് ഇല്ലാതെയുള്ള പുതിയ റോഡു നിർമാണത്തിന്റെ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് 24 മാസമാണ്. ആയതിനാൽ കരാറുകാരൻ ഒടുക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് , പെർഫോർമൻസ് ഗാരന്റി എന്നിവ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ റോഡ് പുനർനിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ നിരുത്തരവാദപരമായി എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയ അസി.എൻജിനിയർക്കെതിരെ വകുപ്പുതല നടപടികൾ ഉണ്ടാവേണ്ടതാണ്. റോഡ് നിർമാണത്തിലെ പ്രസ്തുത അപാകതകൾ മുൻനിർത്തി ചെലവ് തുക ₹269891/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർനടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 ഇരുട്ടുകാനം കുടിവെള്ളപദ്ധതി പുനരുജ്ജീവിപ്പിച്ചിട്ടില്ല

